# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നിറമരുതൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.എം.പി.എം.16/234/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 07.03.2019

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിറമരുതൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നിറമരുതൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

-----------------------------------------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.16/234/2019 തിയ്യതി: 07.03.2019

# മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.09.2017 മുതൽ 24.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :25.01.2019 മുതൽ 06.02.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| ശ്രീ. ദിനേശൻ എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സെൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി.ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി സുഹ്റ റസാഖ് | 01.04.2017 മുതൽ 31.03.2018വരെ |

## നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. രജീന്ദ്രനാഥ് പി.ഡി | 01.04.2017 മുതൽ 12.06.2017 FNവരെ |
| | ശ്രീ.എൻ.എം ഷെരീഫ് | 12.06.2017 AN മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എൻ.എം ഷെരീഫ് | 01.04.2017 മുതൽ 20.05.2017 വരെ |
| | ഒഴിവ് | 21.05.2017 മുതൽ 27.06.2017 വരെ |
| | ശ്രീമതി ഉഷാകുമാരി എ.ആർ | 28.06.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.മഹേഷ് ഒ | 01.04.2017 മുതൽ 24.10.2017 വരെ |
| | ശ്രീമതി മഞ്ജു ജി | 25.10.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി അനിത സി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി അപർണ്ണ കെ.എസ് | 01.04.2017 മുതൽ 31.10.2017 വരെ |
| | ശ്രീ.സമീർ മുഹമ്മദ് | 01.11.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ശ്രീ.റമീസ് ടി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഡെൻസി സൈമൺ | 01.04.2017 മുതൽ 31.03.2018 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ. ശിവദാസൻ പി.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഫാത്തിമത്ത് സുഹ്റ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജസീന ഹമീദ് | 01.04.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല | 2-1 |
| 14 | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കാതെ ലൈസൻസ് അനുവദിക്കുന്നു. | 2-2 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 16 | കെട്ടിട നിർമാണ അപേക്ഷകളെ കുറിച്ചുള്ള വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല | 2-4 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 17 | കാർഷിക കർമ്മസേനകൾക്ക് കാർഷികയന്ത്രങ്ങൾ വാങ്ങി നല്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല | 3-1 |
| 18 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-2 |
| 19 | തേവർകടപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-3 |
| 20 | ആയുഷ് പി.എച്ച്.സി (ആയുർവേദം) ഡിസ്പെൻസറിയുടെ HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-4 |
| 21 | ആയുഷ് പി.എച്ച്.സി (ഹോമിയോപതി) ഡിസ്പെൻസറിയുടെ HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-5 |
| 22 | പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല | 3-6 |

| | | |
|---|---|---|
| 23 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ നാളിതു വരെ ലഭ്യമായില്ല | 3-7 |
| 24 | ക്യാൻസർ, കിഡ്നി രോഗനിർണയ പരിപാടി - തുടർ വിവരങ്ങൾ ലഭ്യമല്ല | 3-8 |
| 25 | പരിരക്ഷ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-9 |
| 26 | ആയുർവേദ ഡിസ്പെൻസറിക്കാവശ്യമായ പദ്ധതികൾ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിർവഹണ ഉദ്യോഗസ്ഥ ചെയ്യുന്നത് സംബന്ധിച്ച് | 3-10 |
| 27 | പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല | 3-11 |
| 28 | നിക്ഷേപത്തുകകൾ -സമയപരിധി കഴിഞ്ഞവ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ് | 3-12 |
| 29 | ഏന്തീൻ മുസ്ല്യാർ സ്മാരക നടപ്പാത കോൺക്രീറ്റിംഗ് - അധികച്ചെലവ് സംബന്ധിച്ച് | 3-13 |
| 30 | കരിമരം കുമാരം റോഡ്പുനരുദ്ധരണം - തെറ്റായ സ്പെസിഫിക്കേഷൻ മൂലം അധികച്ചെലവ് | 3-14 |
| 31 | പ്രൊജക്റ്റ് പൂർത്തീകരണത്തിൽ കാലതാമസം വന്നത് - ചട്ടപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. | 3-15 |
| 32 | കരാറുകാർ ക്വാട്ട് ചെയ്ത തുകയിൽ ബിൽ തുക പരിമിതപ്പെടുത്താത്തതിനാൽ അധികച്ചലവ് | 3-16 |
| 33 | കൃഷിഭവൻ, വി.ഇ.ഒ ഓഫീസ് നവീകരണം - പ്രൊജക്റ്റ് നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച് | 3-17 |
| 34 | സേവന നികുതി ചലാനുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 43348.00 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-18 |
| 35 | പൊതുമരാമത്ത് പ്രൊജക്റ്റുകളുടെ ആസൂത്രണവും നിർവ്വഹണവും - പൊതുവായ ന്യൂനതകൾ | 3-19 |
| 36 | മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് ഫർണ്ണിച്ചർ വിതരണം - ഫർണ്ണിച്ചർ വാങ്ങിയത് സംബന്ധിച്ച് | 3-20 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 37 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് , ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക,രസീറ്റ് ആന്റ് പെമെന്റ് പത്രിക | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18ലെ ബജറ്റ് പാസാക്കിയ തീരുമാന നമ്പർ, തിയതി | പുതുക്കിയ ബജറ്റ് പാസാക്കിയ നമ്പർ, തിയതി |
|---|---|
| 2(1) 22.03.2017 | 2(1) 24.03.2018 |

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|---|
| 2017-18 | 31.07.2018 | 16.05.2018 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ, തിയതി |
|---|---|---|
| 2017-18 | 13.06.18 മുതൽ 14.06.18 വരെ | കെ.എസ്.എ എം.പി.എം16/1282/2018 തിയതി 04.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 57,62,413 |
| വരവ് | 5,41,49,179 |
| ആകെ | 5,99,11,592 |
| ചെലവ് | 5,39,70,998 |
| നീക്കിയിരിപ്പ് | 59,40,594 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | -- | 1,48,69,000 | 1,48,69,000 | 1,41,57,772 | 7,11,228 |
| വികസനഫണ്ട് (എസ്.സി.പി) | -- | 32,14,036 | 32,14,036 | 25,20,494 | 6,93,542 |
| സംരക്ഷണഗ്രാന്റ് (റോഡ്) | -- | 30,48,000 | 30,48,000 | 21,45,795 | 9,02,205 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | -- | 33,71,147 | 33,71,147 | 33,71,147 | -- |
| സെന്റട്രൽ ഫിനാൻസ് ഗ്രാന്റ് | -- | 72,82,118 | 72,82,118 | 70,35,449 | 2,46,869 |
| കെ.എൽ.എസ്.ജി.ഡി.പി | -- | 33,59,657 | 33,59,657 | 31,62,184 | 1,97,473 |
| സാക്ഷരത | 1,248 | 47 | 1,295 | -- | 1,295 |
| ദുരിതാശ്വാസനിധി | 2,890 | 10,199 | 13,089 | 5,000 | 8,089 |
| എം.ജി.എൻ.ആർ.ജി.എസ് (തൊഴിലാളികളുടെ കൂലി) | -- | 89,31,886 | 89,31,886 | 89,31,886 | -- |
| എം.ജി.എൻ.ആർജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | -- | 7,76,601 | 7,76,601 | 7,74,019 | 2,582 |
| ജോയിന്റ് വെഞ്ചർ (ബ്ലോക്ക് പഞ്ചായത്ത്) | 11535 | 16,49,200 | 16,60,735 | 11,76,599 | 4,84,136 |
| ജോയിന്റ് വെഞ്ചർ (ജില്ലാ പഞ്ചായത്ത്) | 0 | 1,56,500 | 1,56,500 | 1,50,710 | 5,790 |
| ബി ഫണ്ട് | -- | 3,22,93,000 | 3,22,93,000 | 3,22,93,000 | -- |
| തനത് ഫണ്ട് (ബാങ്ക്) | 8,64,482 | 72,38,699 | 81,03,181 | 59,77,134 | 21,26,047 |
| തനത് ഫണ്ട് (ട്രഷറി) | 26,80,521 | 1,29,57,539 | 1,56,38,060 | 1,50,59,529 | 5,78,531 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 6,98,59,069 | 136 | 3,80,19,983 | 12 | 79 | 63.25 |

## 1-7 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | -- | 7,76,601 | 7,76,601 | 7,74,019 | 2,582 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 89,31,886 | 89,31,886 | 89,31,886 | -- |

## 1-8 സാമൂഹ്യക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിതവേതനം | 14,400 | 25 |
| കർഷകതൊഴിലാളിപെൻഷൻ | 7,57,100 | 59 |
| വിധവാപെൻഷൻ | 1,20,92,800 | 1074 |
| വാർദ്ധക്യകാലപെൻഷൻ | 1,42,70,600 | 1274 |
| വികലാംഗപെൻഷൻ | 37,64,900 | 344 |
| വിവാഹധനസഹായം | 11,10,000 | 37 |
| 50 വയസിന് മുകളിലുള്ളവർക്കുള്ള സഹായം | 1,40,000 | 17 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരം 25.01.2019ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. തുക അതേ ദിവസം തന്നെ ബാങ്കിൽ അടവാക്കിയതിനാൽ ക്യാഷ് ബാലൻസ് ഒന്നും അവശേഷിക്കുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഓരോ മാസവും ജീവനക്കാരുടെ യോഗം ചേർന്ന് ജോലി വിഭജനം നടത്തുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്.

2. ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിക്കുന്നുണ്ട്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.12.2018 | നവമ്പർ 2018 | 17.12.2018 |
| എ.ജി ഓഡിറ്റ് | 05.10.2009 മുതൽ 16.10.2009 വരെ | 2004-05 മുതൽ 2008-09 വരെ | 16.11.2009 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. താഴെ പറയുന്ന പ്രവർത്തന സാധ്യമല്ലാത്ത (Inoperative) അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്ര.ന | ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രിക 2017-18 പ്രകാരം) | അവസാന ഇടപാട് നടന്ന തിയതി |
|---|---|---|---|
| 1 | പൈക്ക - സ്റ്റേറ്റ് | 567084 | 20-12-2011 |

| | | | |
|---|---|---|---|
| | ബാങ്ക് (A/c No -67136547463) | | |
| 2 | സാക്ഷരത -സ്റ്റേറ്റ് ബാങ്ക് (A/c No - 10611583563) | 1295 | 13.08.2015 |
| 3 | കുടുംബശ്രീ -സ്റ്റേറ്റ് ബാങ്ക് (A/c No -10611583450) | 10301 | ലഭ്യമല്ല |

2. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല,

ഉദാഹരണം

എ). പഞ്ചായത്ത് തനതു ഫണ്ട് സൂക്ഷിക്കുന്ന നിറമരുതൂർ സർവീസ് സഹകരണ ബാങ്ക്- അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 1608) താഴെ പറയുന്ന ചെക്കുകൾ വിതരണം ചെയ്തിരുന്നുവെങ്കിലും നാളിതു വരെ ഗുണഭോക്താക്കൾ കൈപറ്റിയിട്ടില്ല.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക (₹) |
|---|---|---|---|---|
| 21700121 | 25.05.2017 | 7733 | 25.05.2017 | 800 |
| 21300855 | 16.01.2014 | 1543 | 16.01.2014 | 375 |
| 21600704 | 05.01.2017 | 6701 | 05.01.2017 | 3840 |
| 21301032 | 03.01.2014 | 1788 | 03.01.2014 | 775 |
| 21301033 | 03.01.2014 | 1788 | 03.01.2014 | 155 |
| | | | ആകെ | 5945 |

ബി). പഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട് യൂണിയൻ ബാങ്കിൽ സൂക്ഷിക്കുന്ന എം.ജി.എൻ.ആർ.ജി.എസ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 550902010001708) താഴെ പറയുന്ന ചെക്ക് വിതരണം ചെയ്തിരുന്നുവെങ്കിലും നാളിതു വരെ ഗുണഭോക്താക്കൾ കൈപറ്റിയിട്ടില്ല.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക (₹) |
|---|---|---|---|---|
| 21700271 | 20.07.2017 | 062198 | 20.07.2017 | 300 |
| | | | ആകെ | 300 |

ടി തുകകൾ അധികമായി ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നതിനാൽ ഓരോ മാസവും ബാങ്ക് ബുക്ക്

പാസ്ബുക്കുമായി പൊരുത്തപ്പെടുത്തേണ്ടി വരുന്നതിനാൽ ടി തുക ബാങ്ക് ബുക്കിലെ തുകയോട് കൂട്ടി വരുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് ക്രമീകരിച്ചിട്ടില്ല

3. എം.ജി.എൻ.ആർ.ജി.എസ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 550902010001708) ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തിട്ടുള്ള 1000 രൂപ (വൗച്ചർ തീയതി 18.09.2017) നാളിതു വരെ തുക ബാങ്കിൽ വരവ് വെച്ചിട്ടില്ല. ടി തുക ബാങ്ക് അക്കൗണ്ടിൽ കുറവായതിനാൽ ഓരോ മാസവും ബാങ്ക് ബുക്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്തേണ്ടി വരുന്നതിനാൽ ടി തുക ബാങ്ക് ബുക്കിൽ നിന്ന് കുറച്ച് വരുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് ക്രമീകരിച്ചിട്ടില്ല

4. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (Ratios) , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല

5. തൊഴിൽ നികുതി (സ്ഥാപനങ്ങളുടേത്),ഡി ആന്റ് ഒ രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നീ ഇനങ്ങൾ ഒഴികെയുള്ള വരവുകളുടെ ഡിമാന്റ് / കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

6. AFS പ്രകാരം ബിലേറ്റഡ് ഫീ ഇനത്തിലെ 6825 രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ പ്രകാരം ടി ഇനത്തിലെ വരവ് 5875 രൂപ മാത്രമാണ് (950 രൂപ കുറവ്)

7. ബിലേറ്റഡ് ഫീ ഇനത്തിൽ 1025 രൂപ മുൻകൂർ വരവ് ഉണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. തൊഴിൽ നികുതി (ജീവനക്കാരുടേത്) ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

10. മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.
11. ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള വായ്പ തിരിച്ചടവ് സംബന്ധിച്ച രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക 40,68,319 രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പായും ലൈസൻസിന് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

എന്നാൽ 2017-18 വർഷത്തിൽ 162 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പുതുക്കി നൽകിയ 118 ലൈസൻസുകളിൽ 3 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിച്ചിട്ടുള്ളത്. സമാപന യോഗത്തിൽ സമയബന്ധിതമായി എല്ലാ കടകളിൽ നിന്നും ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് വൈസ് പ്രസിഡന്റ് ഓഡിറ്റിനെ അറിയിച്ചു. (ഓഡിറ്റ് എൻക്വയറി 14/05.02.2019 )

### 2-2 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം

ശ്രദ്ധിക്കാതെ ലൈസൻസ് അനുവദിക്കുന്നു.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ വാണിജ്യ പ്രവർത്തനങ്ങളാണ് നടക്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി ആന്റ് രജിസ്റ്ററിലെ ക്ര.ന | വാർഡ് നമ്പർ/ കെട്ടിട നം | കടയുടെ പേര് /ഉപയോഗം | വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|---|
| 1 | 17 | 5/98,99 | സ്റ്റേഷനറി കച്ചവടം | താഴത്തെ നില (54.29 ച മീ ) | പാർപ്പിടാവശ്യം |
| 2 | 36 | 1/302 | തടി പ്ലെയിൻ ചെയ്യുന്നതിന് | താഴത്തെ നില (12 ച മീ ) | പാർപ്പിടാവശ്യം |
| 3 | 129 | 12/204,205 | ഗാർമെന്റ്സ് നിർമാണം | താഴത്തെ നില (36 ച മീ ) | പാർപ്പിടാവശ്യം |
| 4 | 133 | 13/31 | സ്റ്റേഷനറി കച്ചവടം | താഴത്തെനില (72 ച മീ ) | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/05.02.2019) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പ്രദേശത്ത് ഓരോ അർദ്ധ വർഷത്തിലും മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടേയും, 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തോ അല്ലെങ്കിൽ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് പഞ്ചായത്തിന് വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുകയോ, ഉദ്യോഗം വഹിക്കുന്നതോ അല്ലെങ്കിൽ 60ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാൾക്കും തൊഴിൽ നികുതി ചുമത്തേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ വകുപ്പ് 204 )

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. ഇത് മൂലം തൊഴിൽ നികുതി ഇനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്ററിലെ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 19 | മത്സ്യഫെഡ് ജില്ലാ | 4 |

| | | | |
|---|---|---|---|
| | | ഓഫീസ് | |
| 2 | 33 | ക്രിസ്റ്റൽ സ്റ്റീൽസ് ആന്റ് സിമന്റ്സ് | 2 |
| 3 | 49 | ജിയോ ട്രേഡേഴ്സ് | 2 |
| 4 | 52 | അക്വാ ഐസ് പ്ലാന്റ് | 5 |
| 5 | 57 | ആംകോ പൈപ്പ്സ് | 5 |
| 6 | 65 | യുണീകോം ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 7 | 75 | കെ.ഇ.കെ ഫ്ലവർ ഓയിൽ മില്ല് | 2 |
| 8 | 85 | ഫിക്സൻ മാർകറ്റി | 4 |
| 9 | 136 | ഓർക്കിഡ് ബിൽഡിംഗ് സൊല്യൂഷ്യൻ | 2 |
| 10 | 144 | പനങ്ങാട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് | 4 |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്ന ധാരാളം കച്ചവട സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (16/05.02.2019) മറുപടി ലഭ്യമാക്കിയില്ല

## 2-4 കെട്ടിട നിർമാണ അപേക്ഷകളെ കുറിച്ചുള്ള വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല

കെട്ടിട നിർമാണ അപേക്ഷയിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനായി 16.12.2013 ലെ 73576/ആർ.എ1/2013 ത.സ്വ.ഭവ നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമാണ അപേക്ഷകളെ സംബന്ധിച്ചുള്ള വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ നിശ്ചിത പ്രഫോർമയിൽ പ്രസിദ്ധീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് കർശനമായി പാലിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എ2-23277/2013 തിയതി 01.08.2017 നമ്പർ കത്ത് മുഖേന സെക്രട്ടറിയെ അറിയിച്ചതുമാണ്. എന്നാൽ കെട്ടിട നിർമാണ അപേക്ഷകളുടെ വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ (www.lsgkerala.in/niramaruthurpanchayat) പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 17/05.02.2019)

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക കർമ്മസേനകൾക്ക് കാർഷികയന്ത്രങ്ങൾ വാങ്ങി നല്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

| അടങ്കൽ | തുക | ബിൽ നമ്പർ, ചെക്ക് നമ്പർ |
|---|---|---|
| വികസനഫണ്ട് | 2,00,000 | 20/24.03.18 |
| ബ്ലോക്ക് വിഹിതം | 7,00,000 | 2235297/28.03.2018 |
| ഗുണഭോക്തൃവിഹിതം | 1,00,000 | |
| ആകെ | 10,00,000 | |

ഡി.പി.സി അംഗീകാരം ലഭിച്ച 247/18 പ്രൊജക്റ്റിൽ താഴെ പറയുന്ന കാർഷിക യന്ത്രങ്ങളാണ് വാങ്ങിയിട്ടുള്ളത്. (കേരള ആഗ്രോ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ഇൻവോയ്സ് നമ്പർ W-170/17-18 dated 23.03.18)

1. Mahindra 42 HP Tractor
2. Canopy Hood
3. Mahindra Multi Gear Rotovator 36 Blades
4. Jacky & Lever
5. KAMCO Power tiller KMB
6. Farmers kit for KPT

`രജിസ്റ്റർ ചെയ്ത (രജിസ്റ്റർ നമ്പർ MPM/CA/1390/14) നിറമരുതൂർ ജനപ്രിയ നാളികേര ഫെഡറേഷനിലെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ഉടമസ്ഥതയിലാണ് യന്ത്രങ്ങൾ നല്കിയിട്ടുള്ളത്. 01.06.2018 തിയതിയിൽ യന്ത്രങ്ങളുടെ രജസ്ട്രേഷൻ (RTO, തിരൂർ) ലഭിക്കുകയും KL-55-Y-1733 ആയി നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അപാകതകൾ

1. സ.ഉ(എം.എസ്) 80/17/തസ്വഭവ/03.04.2017 പ്രകാരം സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ 8.1(7) ൽ യന്ത്രങ്ങളുടെ ഉടമസ്ഥാവകാശം കൃഷി ഓഫീസർക്കും കൈവശാവകാശം കാർഷികസംഘങ്ങൾക്കുമായിരിക്കണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് കൃഷി ഓഫീസർ നല്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം ഉപകരണങ്ങൾ വാങ്ങുന്നതെന്നും വികസന സ്റ്റാന്റിങ് കമ്മിറ്റി അംഗീകരിച്ച് പർച്ചേസ് കമ്മിറ്റി വഴിയാണ് വാങ്ങി നല്കേണ്ടതെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നു.ആയത് പരിശോധിക്കാനാവശ്യമായ രേഖകൾ ഫയലിൽനിന്നും ലഭ്യമല്ല.

4. നേരിട്ട് പരിശോധന നടത്തിയതിൽ യന്ത്രങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാനാവശ്യമായ സംവിധാനം ഒരുക്കിയിട്ടില്ല.

5. സ്റ്റോക്ക് രജിസ്റ്റർ, ലോഗ് ബുക്ക്, മെയിന്റനൻസ് രജിസ്റ്റർ എന്നിവ നാളിതുവരെയും സംഘം പരിപാലിച്ചുപോരുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12/04.02.2019) ചൂണ്ടിക്കാണിച്ച അപാകതകൾ എത്രയും വേഗം പരിഹരിക്കുന്നതാണ് എന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

## 3-2 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രൊജക്റ്റിൽ 4,92,000/- രൂപ വികസനഫണ്ട് (എസ്.സി.പി) അടങ്കൽ ഉള്ള പദ്ധതിയിൽനിന്നും (പ്രൊജക്റ്റ് നമ്പർ 61/18) 4,65,804/- രൂപ ചെലവഴിച്ച് 25,878/- രൂപ വില വരുന്ന 18 ലാപ്പ്ടോപ്പുകൾ ആംസ്റ്റർ ബിസിനസ് കോർപ്പറേഷൻ, കൊണ്ടോട്ടിയിൽനിന്നും വാങ്ങി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽനിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ | തുക | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| 1 | 07/17-18 തിയതി 15.01.18 | 4,14,048 | AM0044/5.1.18 |
| 2 | 17/17-18 തിയതി 26.03.18 | 51,756 | AM0074/13.03.18 |
| | ആകെ | 4,65,804 | |

അപാകതകൾ

1. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഒന്നാം വർഷപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 03.04.2017 ലെ 80/17/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 11.8(7) ഖണ്ഡികയിൽ സ്വകാര്യസ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ലഭ്യമായ രേഖകൾ ഹാജരാക്കിയതിനുശേഷം മാത്രമെ ലാപ്പ് ടോപ്പ് അനുവദിക്കാൻ പാടുള്ളു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | കോഴ്സ്, പഠിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | സംഗീത എ.പി, D/o സത്യൻ അച്ചാട്ടുപറമ്പിൽ, നിറമരുതൂർ | എം.എ ഹിസ്റ്ററി, പി.ജി സെന്റർ, നോർത്ത് ബസ്സ്റ്റാന്റ്, തൃശ്ശൂർ |
| 2 | ആരതി എ, D/o അറമുഖൻ, അളാട്ടിൽ, ചക്കരമൂല | ബി.എസ്.സി ഒപ്റ്റോമെട്രി, അൽസലാമ കൊളജ് ഓഫ് ഒപ്റ്റോമെട്രി ആന്റ് മാനേജ്മെന്റ് സ്റ്റഡീസ്, കോഴിക്കോട് |

മേൽ അപാകതക്ക് മറുപടി നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/02.02.2019) യൂനിവേഴ്സിറ്റി രജസ്ട്രേഷൻ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രണ്ട്

പേർക്ക് നല്കിയ ലാപ്ടോപ്പിന്റെ വിലയായ 51,756/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-3 തേവർകടപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9 (1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 31) HMC കളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ തേവർകടപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രം, എച്ച്.എം.സി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (02/02.02.2019) 2010 ൽ HMC രൂപീകരിച്ചിട്ടുണ്ടെന്നും വരവ് -ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു

## 3-4 ആയുഷ് പി.എച്ച്.സി (ആയുർവേദം) ഡിസ്പെൻസറിയുടെ HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9 (1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 31) HMC കളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ആയുഷ് പി.എച്ച്.സി (ആയുർവേദം), എച്ച്.എം.സി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 3/02.02.2019)

## 3-5 ആയുഷ് പി.എച്ച്.സി (ഹോമിയോപതി) ഡിസ്പെൻസറിയുടെ HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9 (1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 31) HMC കളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ആയുഷ് പി.എച്ച്.സി (ഹോമിയോപതി), എച്ച്.എം.സി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 4/02.02.2019)

## 3-6 പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

പരിരക്ഷാ പാലിയേറ്റീവ് കെയർ (SOO03/18) പദ്ധതിയുമായി (അടങ്കൽ 5,52,400) ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിന് താഴെപ്പറയും പ്രകാരം 1,35,000 രൂപ ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.

തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് / നമ്പർ | ഫണ്ട് | ചെലവഴിച്ച തുക<br>ബിൽ നമ്പർ / തിയ്യതി |
|---|---|---|
| പരിരക്ഷ പദ്ധതിയുടെ (SOO03/18) ഭാഗമായി മരുന്ന് വാങ്ങൽ | പൊതു വിഭാഗം | ₹ 4,200<br>ബിൽ നമ്പർ 26/2017-18 |

| | | |
|---|---|---|
| | (സാധാരണ വിഹിതം) | തിയതി 23.03.2018 |
| | തനത് ഫണ്ട് | ₹ 1,30,800<br>ചെക്ക് നമ്പർ 2235298<br>തിയതി 26.03.2018 |

എന്നാൽ നാളിതു വരെ മരുന്നുകൾ ലഭിച്ചിട്ടില്ല, ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (5/02.02.2019) മറുപടി ലഭ്യമാക്കിയില്ല. 1,35,000 രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നത് വരെ തുക തടസ്സം ചെയ്യുന്നു.

## 3-7 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ നാളിതു വരെ ലഭ്യമായില്ല

പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതിന് ₹ 400,000 രൂപ താഴെപ്പറയും പ്രകാരം ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക ബിൽ നമ്പർ / തിയ്യതി |
|---|---|---|---|
| S0012/18 | പി.എച്ച്.സി ക്കു മരുന്ന് വാങ്ങൽ | 4,00,000<br>(പൊതുവിഭാഗം - സാധാരണ വിഹിതം - 296,500<br>തനത് ഫണ്ട് -103,500) | ₹ 296,500<br>16/2017-18<br>തിയതി<br>17.02.2018<br>₹ 1,03,500<br>ചെക്ക് നമ്പർ<br>2235277<br>തിയതി<br>12.02.2018 |

എന്നാൽ നാളിതു വരെ മരുന്നുകൾ ലഭിച്ചിട്ടില്ല, ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (6/02.02.2019) മരുന്ന് ലഭ്യമായിട്ടില്ലെന്ന് അറിയിച്ചു. 400,000 രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നത് വരെ തുക തടസ്സം ചെയ്യുന്നു.

## 3-8 ക്യാൻസർ, കിഡ്നി രോഗനിർണയ പരിപാടി - തുടർ വിവരങ്ങൾ ലഭ്യമല്ല

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ക്യാൻസർ, കിഡ്നി രോഗനിർണയ പരിപാടിയുമായി (പ്രോജക്ട് നമ്പർ - 96/18) ബന്ധപ്പെട്ട് 25,000 രൂപ തനത് ഫണ്ടിൽ നിന്ന് (ചെക്ക് നമ്പർ-2235300 തിയതി 27.03.2018) ചെലവഴിച്ചിട്ടുണ്ട്. താഴെ പറയുന്ന ഇനങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| ക്ര.ന | ഇനം | തുക |
|---|---|---|
| 1 | തിരൂർ സ്പെഷാലിറ്റി ക്യമ്പിന് നൽകിയ ഇനത്തിലെ തുക | 17500 |

| | | |
|---|---|---|
| 2 | നോട്ടീസ് | 3950 |
| 3 | ഹോണറേറിയം | 1000 |
| 4 | ഭക്ഷണം | 2550 |
| | ആകെ | 25000 |

ചെലവു രേഖകൾ ഹാജരാക്കിയെങ്കിലും പദ്ധതിയുടെ ഭാഗമായി ക്യാമ്പിൽ വന്ന ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ ടെസ്റ്റ് നടത്തിയതിന്റെ റിസൽട്ടുകൾ , മോണിറ്ററിംഗ് റിപ്പോർട്ട്, ഫോളോ അപ് ചെയ്യേണ്ട പ്രവർത്തികൾ എന്നിവയൊന്നും പ്രോജക്റ്റിനോടപ്പം ലഭ്യമാക്കിയിട്ടില്ല.

2017-18 വർഷത്തെ പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) നം 72/2017 ത.സ്വ.ഭ.വ തിയതി 29.03.2017 ലെ ഖണ്ഡിക 14.8 പ്രകാരം പ്രോജക്റ്റ് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. എന്നാൽ പ്രോജക്ടിന്റെ പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പദ്ധതി രൂപീകരണം, മോണിറ്ററിംഗ് സംബന്ധിച്ച വിശദ വിവരങ്ങൾ ആരോഗ്യം- വിദ്യാഭ്യാം സ്റ്റാന്റിംഗ് കമ്മിറ്റി മിനട്സിൽ നിന്നോ ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ നിന്നോ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (7/02.02.2019) ഫയൽ ഓഡിറ്റ് സമയത്ത് ഹാജരാക്കാൻ വിട്ട് പോയതാണ് എന്ന് അറിയിച്ചു. ചെലവു രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സാക്ഷ്യപ്പെടുത്തി റക്റ്റിഫിക്കേഷൻ റിപ്പോർട്ടിനോട് കൂടെ ലഭ്യമാക്കേണ്ടതാണ്

## 3-9 പരിരക്ഷ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണത്തിനു വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ (സ.ഉ(ആർ.ടി) 3217/15 /ത.സ്വ.ഭ.വ തിയതി 29-10-2015) മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പരിരക്ഷ - പാലിയേറ്റീവ് (പ്രോജക്റ്റ് നമ്പർ S003/18') പാലിച്ചതായി കാണുന്നില്ല.

1) മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം "' *ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ നിന്ന് തുക ചിലവഴിക്കാൻ പാടില്ല."എന്നാൽ നാളിതു വരെ *നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം നിറമരുതൂർ ഗ്രാമ പഞ്ചായത്തിൽ വെബ്സൈറ്റിൽ http://lsgkerala.in/niramaruthurpanchayat/ പ്രസിദ്ധീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/02.02.2019) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു

2) മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശന നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്.* എന്നാൽ നാളിതു വരെ ആയത് ചെയ്യുന്നില്ല. ആയതിനു വേണ്ട തുടർനടപടി സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

3) മാർഗ്ഗരേഖ 2.10.8 പ്രകാരം എല്ലാ ചെലവുകളും അതാത് സ്ഥാപനത്തിന്റെ വ്യക്തിയുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് വേണ്ടത്, യാതൊരു കാരണവശാലും പണമായോ, ചെക്കായോ തുക ചെലവഴിക്കാൻ പാടില്ല,

എന്നാൽ സ്റ്റേഷനറി, സർജിക്കൽ ഉപകരണങ്ങൾ, വളണ്ടിയർ പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾ മുതലായവ അതാത് വ്യക്തികളുടെ / സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതിനു പകരം പാലിയേറ്റീവ് നഴ്സിന്റെ അക്കൗണ്ടിലേക്കാണ് മാറ്റിയിട്ടുള്ളത്. ആയത് ക്രമ പ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

4) മാർഗ്ഗരേഖ 2.6.5 (3) പ്രകാരം വാഹനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് വാടകക്ക് എടുക്കേണ്ടതാണ്, ക്വട്ടേഷൻ പി.എം.സി അംഗീകരിക്കണം, ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷൻ കാലാവധി 6 മാസമായിരിക്കും, കാലാവധി അവസാനിക്കും മുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സിയുടെ പുതിയ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്. വാഹനത്തിന് നൽകേണ്ട പരമാവധി വാടക ചുവടെ ചേർക്കുന്നു.

| ഓടുന്ന ദൂരം (Ups and Down) | പരമാവധി തുകട്രിപ്പ് ഷീറ്റ് |
|---|---|
| 15-24 കി.മീ | ₹800.00 |
| 25-34 കി.മീ | ₹900.00 |
| 35-44 കി.മീ | ₹1,000.00 |
| 45 കി.മീറ്ററിൽ കൂടുതൽ | ₹1,100.00 |

എന്നാൽ ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ലഭ്യമല്ല, ട്രിപ്പ് ഷീറ്റിൽ ഓടുന്ന കിലോ മീറ്റർ കാണിക്കുന്നില്ല. കിലോ മീറ്റർ പരിഗണിക്കാതെ ഓരോ ദിവസം 900രൂപയാണ് നൽകുന്നത് ക്രമ പ്രകാരമല്ല, ട്രിപ്പ് ഷീറ്റ് പ്രകാരം KL-10-D-1567 എന്ന വാഹനത്തിനാണ് പരിരക്ഷാ പദ്ധതിയുടെ ഭാഗമായുള്ള യാത്ര നടത്തുന്നത്. പണം ഓരോ മാസവും 14,400 (16X900) രൂപ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.വേലായുധൻ എൻ എന്നവരുടെ അക്കൗണ്ടിലേക്ക് (ആകെ 14,400X12=172800) നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച വാഹനമായ KL 54-6083 എന്നത് നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിൽപ്പെടുന്ന ചാലഞ്ചർ(ക്രൂയിസർ) ആണ്. രജിസ്ട്രേഷൻ കാലാവധി 13.02.2017 അവസാനിച്ചിട്ടുണ്ട്. നിയമാനുസൃതമല്ലാത്ത സ്വകാര്യ വാഹനം പരിരക്ഷയുടെ ആവശ്യത്തിന് ഉപയോഗിച്ചത് ക്രമ പ്രകാരമല്ല. ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകക്ക് എടുക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

5)പരിരക്ഷ പദ്ധതിയുടെ ഭാഗമായി ഓരോ മാസവും പരിരക്ഷ നഴ് സ് ശ്രീമതി ഷീബ എന്നിവർക്ക് 15000 രൂപയും വാഹനം വാടകക്ക് വിളിച്ച ഇനത്തിൽ ശ്രീ വേലയുധൻ എന്നിവർക്ക് മാസം 14,400(16 x900) രൂപയും നൽകിയിട്ടുണ്ട്, എന്നാൽ വരുമാനത്തിനനുസൃതമായി മേൽ വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ആയതിനുള്ള തുടർനടപടി സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

6) 2017-18 വർഷത്തെ പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) നം 72/2017 ത.സ്വ.ഭ.വ തിയതി 29.03.2017 ലെ ഖണ്ഡിക 14.8 പ്രകാരം പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. പ്രോജക്ടിന്റെ പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല

അതുപോലെ, പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും,യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുമെന്ന് *ഓഡിറ്റ് എൻക്വയറിക്ക് (8/02.02.2019)* മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

## 3-10 ആയുർവേദ ഡിസ്പെൻസറിക്കാവശ്യമായ പദ്ധതികൾ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിർവഹണ ഉദ്യോഗസ്ഥ ചെയ്യുന്നത് സംബന്ധിച്ച്

2017-18 വർഷത്തെ പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) നം 72/2017 ത.സ്വ.ഭ.വ തിയതി 29.03.2017 ലെ ഖണ്ഡിക 9 (3) പ്രകാരം എല്ലാ പ്രോജക്ടുകളുടേയും നിർവഹണ പരിപാടികൾ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവഹണ പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കണമെന്നും ഖണ്ഡിക 9 (9) പ്രകാരം ചുമതലപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവഹണ ചുമതല സെക്രട്ടറിക്കോ , മറ്റ് അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ തീരുമാന പ്രകാരം ഏൽപ്പിക്കാവുന്നതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ ആയുഷ് പി.എച്ച്.സി (ആയുർവേദം) ഡിസ്പെൻസറിയിലേക്കാവശ്യമായ പദ്ധതി (SO146/18 – ആയുർവേദ ആശുപത്രിക്ക് (NRHM) മരുന്ന് വാങ്ങൽ – 400,000(ബിൽ നമ്പർ 1/17-18 തിയതി 25.10.17) ) ഏറ്റെടുത്ത് നടപ്പിലാക്കിയിരിക്കുന്നത് തൊട്ടടുത്ത പഞ്ചായത്തായ താനാളൂരിലെ ഗവ.ആയുർവേദ മൊബൈൽ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറാണ്, പഞ്ചായത്തിൽ ആരോഗ്യ രംഗത്തെ പ്രധാന നിർവഹണ ഉദ്യോഗസ്ഥനായ അലോപതി മെഡിക്കൽ ഓഫീസർ / സെക്രട്ടറി എന്നിവർക്ക് ഏറ്റെടുക്കാവുന്ന പദ്ധതിയാണ് തൊട്ടടുത്ത പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥനെ ഏൽപിച്ചത്. 2017-18ൽ ആയുഷ് പി.എച്ച്.സി (ഹോമിയോ) ഡിസ്പെൻസറിക്കാവശ്യമായ 300,000 രൂപയുടെ മരുന്നുകൾ വാങ്ങി നൽകിയത് സെക്രട്ടറിയാണ്. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

*ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (9/02.02.2019) മറുപടി ലഭ്യമാക്കിയില്ല.*

## 3-11 പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ തുകകൾ വിവിധ സ്ഥാപനങ്ങളിൽ അടവാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്/പ്രൊജക്ട് നമ്പർ | തുക | ട്രഷറി ബിൽ,ചെക്ക് നമ്പർ/തീയതി | അടവാക്കിയത് |
|---|---|---|---|
| PMAY ഭവന നിർമ്മാണം(Gl), (SOO20/18) | 4,00,000 | 6/14-7-17 | താനൂർ ബ്ലോക്ക് പഞ്ചായത്ത് |
| IKMന് വിഹിതം നൽകൽ (SOO4/18) | 45,653 | 12/1-8-17 | IKM |

| | | | |
|---|---|---|---|
| IAY അധിക വിഹിതം,2015-16(SC), (SOO55/18) | 3,50,000 | 7/14-7-18 | താനൂർ ബ്ലോക്ക് പഞ്ചായത്ത് |
| IAY വിഹിതം(2015-16 ലെ കുടിശ്ശിക)നൽകൽ, (SOO33/18) | 2,60,000 | 8/14-7-17 | താനൂർ ബ്ലോക്ക് പഞ്ചായത്ത് |
| Street main വലിക്കൽ (SOO50/18) | 3,54,750 | 13/1-8-17 | KSEB |
| SHE Pad project for നിറമരുതൂർ GHSS | 1,16,382 | 38/15-3-18 | കേരള വനിതാ വികസന കോർപ്പറേഷൻ |
| Street main വലിക്കൽ (SOO210/18) (Spill Over) | 1,93,000 | 14/14-8-17 | KSEB |
| | 17,19,785 | | |

മേൽ തുകകൾ ചെലഴിച്ചതിന്റെ സാക്ഷ്യ പത്രവും ടി പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ സാക്ഷ്യ പത്രവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക, 17,19,785 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-12 നിക്ഷേപത്തുകകൾ -സമയപരിധി കഴിഞ്ഞവ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകൾ പ്രകാരവും 31-3-18 വരെ വിവിധ ഇനങ്ങളിലായി 1,62,993രൂപ പഞ്ചായത്തിൽ നിക്ഷേപമായി അവശേഷിക്കുന്നതായി കാണുന്നു.ടിതുകയിൽ 2014-15 വരെയുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2011-12 | 31,153 |
| 2012-13 | 12,800 |
| 2013-14 | 66,750 |
| 2014-15 | 100 |
| ആകെ= | 1,10,803 |

KFC ആർട്ടിക്കിൾ 56 B പ്രകാരം 3 വർഷ സമയപരിധി കഴിഞ്ഞ നിക്ഷേപത്തുകകൾ അതാത് സ്ഥാപനങ്ങൾക്ക് മുതൽ കൂട്ടാവുന്നതാണ്. ആയതിനാൽ മേൽ പരാമർശിച്ച പ്രകാരമുള്ള വർഷങ്ങളിലെ തുകകൾ സമയ പരിധി കഴിഞ്ഞവ ആയതിനാൽ ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 3-13 ഏന്തീൻ മുസ്ല്യാർ സ്മാരക നടപ്പാത കോൺക്രീറ്റിംഗ് - അധികച്ചെലവ് സംബന്ധിച്ച്

പ്രൊജക്ട് നം : 106/18

അടങ്കൽ :240000.00 ,CFC

ചെലവ് :240000.00 ബിൽ നമ്പർ-40/30.1.18

എം.ബുക്ക് :1./17-18

കരാർ നം. : 32/19.12.17

കരാറുകാരൻ:പി.മുകുന്ദൻ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ ഭാഗമായി 97.9മീറ്റർ നീളത്തിൽ ഏകദേശം 1.60/2 മീറ്റർ വീതിയിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 0.10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 7.5 cm കനത്തിലും (കോഡ്.നം.4.1.3)നടത്തിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ 28.9.15 ലെ DB4/9099/CE/LSGD കത്ത് പ്രകാരം നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 5 cm കനത്തിലും നടത്തിയാൽ മതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 4.2.2019 ന് നടത്തിയ നേരിട്ടുള്ള പരിശോധനയിൽ മെയിൻ റോഡിൽ നിന്നും ആരംഭിച്ച്, മറ്റ് റോഡുകളിലേക്ക് പ്രവേശിക്കാതെ, വീടുകളിലേക്ക് പോകുന്ന നടപ്പാതയാണ് ഇതെന്നും, കഷ്ടിച്ച് ഒരു ഓട്ടോറിക്ഷക്ക് മാത്രമേ പോകാനാകൂ എന്നും കണ്ടിട്ടുണ്ട്.

വീതി 2 മീറ്ററിൽ കുറവായ നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 5 cm കനത്തിലും നടത്തിയാൽ മതി എന്നിരിക്കെ 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 7.5 cm കനത്തിൽ നടത്തിയത് വഴി താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

ഇനം.2 പ്രവൃത്തിക്ക് ചെലവഴിച്ച തുക

നിർവ്വഹിച്ച അളവ് - 16.49m3

പരിമിതപ്പെടുത്തിയത് - 15.43m3x7523.98=116095.01

ചെലവഴിക്കാവുന്ന തുക

16.49/0.075=219.86m2

219.86x0.05=10.99m3

10.99m3x7523.98 = 82,688.54

അധികച്ചെലവ്

116095.01-82,688.54 =33406.47

മേൽ അപാകതകയുടെ വെളിച്ചത്തിൽ അധികച്ചെലവ് വന്ന തുക 33,406 രൂപ പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ബാധ്യതയായി നിജപ്പെടുത്തുന്നു.

അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.18/5.2.2019 മുഖേനെ ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ (നമ്പർ /തിയതി ഇല്ല) ഇടവഴിയുടെ തുടക്കത്തിൽ 1.85 മീറ്റർ മാത്രമാണ് വീതിയെങ്കിലും 2 മീറ്ററിൽ കൂടുതൽ വീതിയുള്ള ഭാഗങ്ങൾ ഇടവഴിയിൽ ഉണ്ടെന്നും ഗുഡ്സ്

വാഹനങ്ങൾ കടന്ന് പോകുന്നതിനാൽ 0.05 മീറ്റർ കനത്തിൽ കോൺക്രീറ്റ് ചെയ്താൽ എളുപ്പം നശിച്ച് പോകും എന്നുമാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ 04.02.2019 ന് നടത്തിയ സ്ഥല പരിശോധനയിൽ ഈ വഴിയുടെ വളവുകളിൽ മാത്രമാണ് 2 മീറ്ററിൽ കൂടുതൽ വീതിയുള്ളത് എന്നും ഇത് വീടുകളിലേക്ക് മാത്രം ഇറക്കുന്ന വഴിയാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ മറുപടി സ്വീകാര്യമല്ല.

## 3-14 കരിമരം കുമാരം റോഡ്പുനരുദ്ധരണം - തെറ്റായ സ്പെസിഫിക്കേഷൻ മൂലം അധികച്ചെലവ്

പ്രൊജക്ട് നം : 174/18

അടങ്കൽ : 495000.00, MG(R)

ചെലവ് : 495000.00 ബിൽ നം.7/16.8.17

കരാർ നം : 30/20.1.17

എംബുക്ക് നം: 52/15-16

DSR : 2014, COI 1.3619%

കരാറുകാരൻ : എം.കെ.ഷംസുദ്ദീൻ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ മൂന്നാമത്തെ ഇനം ഡ്രൈനേജിന്റെ പാർശ്വ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ചെയ്യലാണ്. എസ്റ്റിമേറ്റിലെ ഇനം ഒന്ന് പ്രവൃത്തി പ്രകാരം 0.65മീറ്റർ താഴ്ചയിൽ എർത്ത് വർക്ക് ചെയ്ത്, ഇനം 2 പ്രകാരം 0.100 മീറ്റർ കനത്തിൽ ബോട്ടം കോൺക്രീറ്റ് ചെയ്ത ശേഷം ഇനം 3 പ്രകാരം 0.55മീറ്റർ ഉയരത്തിൽ റോഡിന് എതിർ വശത്തെ സൈഡ് വാളും 0.15മീറ്റർ ഉയരത്തിൽ റോഡ് ഭാഗത്തെ സൈഡ്വാളും കോൺക്രീറ്റ് ചെയ്യുന്നതിനാണ് ഫോംവർക്ക് ചെയ്തിട്ടുള്ളത്. പ്ലിന്ത് ലെവലിന് താഴെയുള്ള ഫോം വർക്ക് ആയതിനാലും, ഫോം വർക്കിന്റെ ഉയരം 1 മീറ്ററിൽ താഴെ ആയതിനാലും, മാസ് കോൺക്രീറ്റ് സ്വഭാവത്തിലുള്ള കോൺക്രീറ്റ് വർക്കിന് ആയതിനാലും, DSRസ്പെസിഫിക്കേഷൻ കോഡ് 5.9.1 പ്രകാരമുള്ള നിരക്കാണ്, 267.54/എം2, സാധാരണ ഇത്തരം പ്രവൃത്തിക്ക് അനുവദിക്കാറുള്ളത്. എന്നാൽ സ്പെസിഫിക്കേഷൻ കോഡ് 5.9.2 പ്രകാരമുള്ള 491.37/എം2 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇതുമൂലം താഴെ പറയും പ്രകാരം 36663.00 രൂപ പ്രൊജക്ടിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നൽകിയ തുക | 163.80/എം2x491.37/എം2=80486.41 |
| നൽകാവുന്ന തുക | 163.80/എം2x267.54/എം2=43823.05 |
| അധികം | 36663.00 |

മേൽ അപാകതകയുടെ വെളിച്ചത്തിൽ അധികച്ചെലവ് വന്ന തുക 36663.00 രൂപ പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ബാധ്യതയായി നിജപ്പെടുത്തുന്നു.

അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.20/5.2.2019 മുഖേനെ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ (നമ്പർ /തിയതി ഇല്ല) വാൾ കോൺക്രീറ്റ് അല്ലാത്തതിനാലാണ് 5.9.2 സ്പെസിഫിക്കേഷൻ അനുവദിച്ചത് എന്നാണ് അറിയിച്ചത്. 0.55 മീറ്റർ 0.15 മീറ്റർ ഉയരമുള്ള പ്ലിന്ത് ലെവലിന് താഴെ വരുന്ന ഡ്രെയിനേജ് വാൾ കോൺക്രീറ്റ് പ്രവർത്തികളുടെ ഫോം വർക്കിന് 5.9.2 ന്റെ സ്പെസിഫിക്കേഷൻ ആവശ്യമില്ല. എസ്റ്റിമേറ്റിൽ 5.9.2

സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയാലും, സാങ്കേതിക അനുമതി നൽകുമ്പോൾ ആയത് 5.9.1 മാറ്റാറാണ് പതിവ്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല

## **3-15** പ്രൊജക്ട് പൂർത്തീകരണത്തിൽ കാലതാമസം വന്നത് - ചട്ടപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ 2017-18 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാർ പ്രൊജക്ടുകൾ കരാറിൽ പറഞ്ഞ കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല.

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച്ച മൂലം പ്രൊജക്ട് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്ട് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകാര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് PAC യുടെ 1% പിഴഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. PAC യുടെ 2% പിഴ ഈടാക്കിക്കൊണ്ടിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ ഇപ്രകാരം യാതൊരു നടപടിക്രമങ്ങളും താഴെ പറയുന്ന പ്രൊജക്ടുകളുടെ കരാർ സമയത്തിന് പൂർത്തിയാക്കാതിരുന്ന കരാറുകാരുടെ കാര്യത്തിൽ സ്വീകരിക്കുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം | 1.പ്രവർത്തി സ്ഥലം കൈമാറിയതീയതി,<br>2.പൂർത്തീകരണ കാലയളവ്,<br>3)പൂർത്തീകരിക്കേണ്ട തീയ്യതി<br>4.പൂർത്തീകരിച്ച തീയ്യതി<br>5) കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|
| 1 | പ്രൊജക്ട് : 190/18, ജയേഷ് സ്മാരക റോഡ് ടാറിംഗ്<br>അടങ്കൽ:200000.00<br>ചെലവ്:200000.00ബിൽ നമ്പർ - 34/17.1.18<br>കരാർനം:33/21.1.17<br>എംബുക്ക് നം: 65/15-16, | 1) 21.1.17<br>2)6മാസം<br>3) 20.7.17<br>4) 28.12.17<br>5) 5 മാസം 6 ദിവസം | പൂർത്തികരണ കാലയളവിന്റെ ആദ്യത്തെ 25% ( 45 ദിവസം)<br>200000x1%= 2000.00<br>രണ്ടാമത്തെത്തെ 25%( 45 ദിവസം)<br>200000x2%= 4000.00 |

| | | | |
|---|---|---|---|
| | കരാറുകാരന്:എം.മുഹമ്മദ് ആസിഫ് | | ആകെ.6000.00 |
| 2 | പ്രൊജക്ടനം:173/18, മങ്ങാട് പത്തമ്പാട്ട് റോഡ് പുനരുദ്ധരണം<br>അടങ്കൽ:160000.00<br>ചെലവ്:156249.00ബിൽ നമ്പർ - 38/31.1.18<br>കരാർനം:31/21.1.17<br>എംബുക്ക് നം: 6/17-18<br>കരാറുകാരന്:എം.മുഹമ്മദ് ആസിഫ് | 1) 21.1.17<br>2)6മാസം<br>3) 20.7.17<br>4) 22.1.18<br>5) 6 മാസം 1 ദിവസം | പൂർത്തികരണ കാലയളവിന്റെ ആദ്യത്തെ 25% ( 45 ദിവസം)<br>160000x1%= 1600.00<br>രണ്ടാമത്തെത്തെ 25%( 45 ദിവസം)<br>160000x2%= 3200.00<br>ആകെ.4800.00 |
| 3. | പ്രൊജക്ടനം:161/18, ബാബുരാജ്റോഡ് റീടാറിംഗ്<br>അടങ്കൽ:200000.00<br>ചെലവ്:156249.00ബിൽ നമ്പർ - 37/31.1.18<br>കരാർനം:24/17.1.17<br>എംബുക്ക് നം: 68/15-16<br>കരാറുകാരന്:എം.ദാമോദരൻ.വി | 1) 17.1.17<br>2)6മാസം<br>3) 16.7.17<br>4) 19.12.17<br>5) 5 മാസം 1 ദിവസം | പൂർത്തികരണ കാലയളവിന്റെ ആദ്യത്തെ 25% ( 45 ദിവസം)<br>200000x1%= 2000.00<br>രണ്ടാമത്തെത്തെ 25%( 45 ദിവസം)<br>200000x2%= 4000.00<br>ആകെ.6000.00 |
| 4 | പ്രൊജക്ടനം:162/18, കരിമരം ലക്ഷം വീട് കോളനി റോഡ് പുനരുദ്ധരണം<br>അടങ്കൽ:300000.00<br>ചെലവ്:292655.00ബിൽ നമ്പർ - 53/26.3.18<br>കരാർനം:26/19.1.17<br>എംബുക്ക് നം: 143/16-17,150 /16-17<br>കരാറുകാരൻ:പി.സെയ്താലി | 1) 19.1.17<br>2)6മാസം<br>3) 18.7.17<br>4) 17.1.18<br>5) 5 മാസം 29ദിവസം | പൂർത്തികരണ കാലയളവിന്റെ ആദ്യത്തെ 25% ( 45 ദിവസം)<br>300000x1%= 3000.00<br>രണ്ടാമത്തെത്തെ 25%( 45 ദിവസം)<br>300000x2%= 6000.00<br>ആകെ.9000.00 |
| ആകെ | | | 25800.00 |

2. <u>പുതുക്കിയ മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.</u>

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് പ്രൊജക്ട് പൂർത്തീകരണത്തിൽ കാല താമസം വരുത്തുന്നതിന് ഈടാക്കേണ്ട പിഴ സംബന്ധിച്ചും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ടുകളുടെ എഗ്രിമെന്റുകളിൽ പിഴ സംബന്ധിച്ച് പഴയ പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. കാലതാമസം ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.

മേൽ പ്രൊജക്ടുകൾ യഥാസമയം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്ക് ഒരിക്കൽ പോലും നിർദ്ദേശം നൽകുകയോ, കരാറുകാർ പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് വിശദീകരണം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.11/2.2.2019 മുഖേനെ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി പിഴ അടവാക്കുന്നതിന് കരാറുകാർക്ക് കത്ത് അയച്ചിട്ടുണ്ടെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. ഈ സാഹചര്യത്തിൽ ക്രമ നമ്പർ 1 അപാകതയുടെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ടുകൾ പ്രകാരം ചെലവഴിച്ച തുകകളിൽ നിന്നും പിഴയിനത്തിൽ ഈടാക്കാതിരുന്ന മൊത്തം തുകയുടെ 25800 രൂപ, ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 കരാറുകാർ ക്വാട്ട് ചെയ്ത തുകയിൽ ബിൽ തുക പരിമിതപ്പെടുത്താത്തതിനാൽ അധികച്ചലവ്.

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ കരാറുകാർ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ ബിൽ അനുവദിച്ചതു കാരണം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

എ) പോസ്റ്റ് ഓഫീസ് പത്തമ്പാട്ട് റോഡ് റീ ടാറിംഗ് കോൺക്രീറ്റിംഗ്

പ്രൊജക്ട് നം : 5/18

| | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| ലോകബാങ്ക് | 175000.00 | 112505.00 | 70/31.3.18 |
| ഫിനാൻസ്.ക.ഗ്ര | 294936.00 | 294936.00 | 69/31.3.18 |
| എം.ജി(R) | 270064.00 | 270064.00 | 71/31.3.18 |
| | 74000000 | 677505.00 | |

കരാർ നം : 61/31.3.17

എംബുക്ക് നം: 29/17-18

കരാറുകാരൻ : എം.കെ.ഷംസുദ്ദീൻ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

| ക്വാട്ട് ചെയ്ത തുക (L1) | പ്രവൃത്തി മൂല്യം (രൂപ) | അനുവദിച്ച തുക (രൂപ) | അധികം അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 650456.25 | 677505.00 | 677505.00 | 27049.00 |

ബി) പത്തമ്പാട് ആലിൻ ചുവട് റോഡ് ഡ്രൈനേജ്

പ്രൊജക്ട് നം : 182/18

| | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| ഫി.ക.ഗ്രാ. | 800000.00 | 707384 | 15/16.9.17 |
| തനത് ഫണ്ട് | 100000 | ഇല്ല | |
| | 900000 | 707384 | |

കരാർ നം : 44/16-17 തീയ്യതി.04.03.17

എം.ബുക്ക് : 53/15-16

കരാറുകാരൻ :പി.ഹംസഹാജി

| ക്വാട്ട് ചെയ്ത തുക (L1) | പ്രവൃത്തി മൂല്യം (രൂപ) | അനുവദിച്ച തുക (രൂപ) | അധികം അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 700139.09 | 707384.00 | 707384.00 | 7245.00 |

യഥാക്രമം ഓഡിറ്റ് എൻക്വയറി നം.21/5.2.2019, 13/4.2.2019 എന്നിവ പ്രകാരം മേൽ അപകാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടികളിൽ (നമ്പർ / തിയതി ഇല്ല) അധികം കൈപറ്റിയ തുകകൾ തിരിച്ചടക്കുന്നതിന് കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് അസി.എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ മേൽ ക്രമ നമ്പർ എ, ബി എന്നിവ പ്രകാരം യഥാക്രമം അധികം നൽകിയ 27049.00, 7245.00 രൂപ പ്രവൃത്തികളുടെ ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-17 കൃഷിഭവൻ, വി.ഇ.ഒ ഓഫീസ് നവീകരണം - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്

പ്രൊജക്ട് നം : 179/18 (154/17)

| | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| ഫിനാൻസ്.ക.ഗ്ര | 64916.00 | 64916.00 | 25/28.10.17 |
| ലോകബാങ്ക് | 225117.00 | 225117.00 | 23/28.10.17 |
| എം.ജി(NR) | 639967.00 | 186000.00 | 3/23.6.17 |
| | 9300000.00 | 128467.00 | 24/28.10.17 |
| | | 186000.00 | 47/13.3.18 |
| | | 790500.00 | |

റിവൈസ്ഡ്-

എസ്റ്റിമേറ്റ് :1070000.00

കരാർ : നം.ഇല്ല/തീയ്യതി.6.3.17

നിർവ്വഹണ-

ഏജൻസി : ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം.

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ.

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന് മുകളിൽ കൃഷി ഭവനം, വി.ഇ.ഒ ഓഫീസിനും ഭരണസമിതി മീറ്റിംഗുകൾ ചേരുന്നതിനും കെട്ടിട സൗകര്യം ഒരുക്കുന്നതിനായി 2016-17 ൽ 154/17 നമ്പറായി അംഗീകാരം ലഭിച്ച ഈ പ്രൊജക്ട് മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനെ നടപ്പാക്കുന്നതിന് 9.2.2017ലെ 24(4) നമ്പർ തീരുമാനം അനുസരിച്ച് ഭരണ സമിതി തീരുമാനിക്കുകയും, 8.2.17 ലെ NKMP365/2016-17 നമ്പറായി നിർമ്മിതി കേന്ദ്രം സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് പ്രവൃത്തി നിർവ്വഹണം ആരംഭിച്ച നിർമ്മിതി കേന്ദ്രത്തിന് താഴെ പറയുന്ന യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ, 23.6.17 ലെ ബില്ലുപ്രകാരം നൽകിയ 186000.00 രൂപ മുൻകൂർ ഉൾപ്പെടെ, മേൽപ്പറഞ്ഞ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നമ്പർ | വിനിയോഗിച്ച തുക |
|---|---|
| NKMP/365/2016-17 dt.8.9.17 | 279000.00 |
| NKMP/365/2016-17 dt.19.1.18 | 790500.00 |

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1.) സർക്കാർ ഉത്തരവ് നമ്പർ (പി)/311/14/ഫിൻ തീയ്യതി.30.7.14 പ്രകാരം നിർമ്മിതി കേന്ദ്രങ്ങളെ കോസ്റ്റ് ഇഫക്റ്റീവ് നിർമ്മാണ രീതി/ആൾട്ടർനേറ്റ് നിർമ്മാണ സാങ്കേതിക വിദ്യ പിൻതുടരുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുന്ന കാറ്റഗറി Dയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പുതിയ മാർഗ്ഗരേഖയിലും, സ.ഉ(പി)95/2017/ഫിൻ തീയ്യതി.25.7.17, മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കോസ്റ്റ് ഇഫക്റ്റീവ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പൊതു മരാമത്ത് പ്രവൃത്തിയിലാണ് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. ആയതിനാൽ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ മേൽപ്പറഞ്ഞ പ്രൊജക്ടിന്റെ നിർവ്വഹണം നിർമ്മിതി കേന്ദ്രത്തെ ഏല്പിച്ചത് ക്രമപ്രകാരമല്ല.

2.) സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഉള്ള ഗ്രാമ പഞ്ചായത്തിന് സാധാരണ വിഭാഗത്തിൽപെട്ട ഈ മരാമത്ത് പ്രവൃത്തി ടെണ്ടർ മുഖേനെ സുതാര്യമായി നിർവ്വഹിക്കാമെന്നിരിക്കെ, ആയത് നിർമ്മിതി കേന്ദ്രം മുഖേനെ നിർവ്വഹിച്ചതുമൂലം ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭിക്കുമായിരുന്ന തുക നഷ്ടമായിട്ടുണ്ട്. പ്രയാസ രഹിതവും അതേസമയം സാധാരണ രീതിയിൽ വളരെ കുറഞ്ഞ നിരക്കിൽ ടെണ്ടർ ലഭിക്കുകയും ചെയ്യുന്ന ഇനങ്ങളാണ് ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ കുറഞ്ഞത് 10% എങ്കിലും ടെണ്ടർ കുറവ് ലഭിക്കുമായിരുന്നു എന്നും, അതുപ്രകാരം പഞ്ചായത്തിന് 93000.00 രൂപയുടെയെങ്കിലും നേട്ടം ഉണ്ടാകുമായിരുന്നും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയത് ഇപ്പോൾ നഷ്ടമായിരിക്കയാണ്.

3.) സർക്കാർ ഉത്തരവ് നമ്പർ (പി)/311/14/ഫിൻ തീയ്യതി.30.7.14 ലെ ഉത്തരവിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയാണ് അക്രഡിറ്റഡ് ഏജൻസികളുമായി കരാറിൽ ഏർപ്പെടേണ്ടത് എന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. കരാറിൽ പ്രൊജക്ട് പൂർത്തീകരിച്ച ശേഷം 5 വർഷത്തിനുള്ളിൽ സംഭവിക്കുന്ന തകരാറുകൾ പരിഹരിക്കുന്നതിനുള്ള നിബന്ധന ഉൾപ്പെടുത്തണമെന്ന് ഈ ഉത്തരവിലെ ഖണ്ഡിക. 13 ൽ നിർദ്ദേശമുണ്ട്. (ജി.ഒ(പി)453/2015/ഫിൻ തീയ്യതി.9.10.15 പ്രകാരം ഇത് 3 വർഷമാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.). അതുപോലെ ഈ ഉത്തരവിലെ ഖണ്ഡിക. 14 പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റിന്റെ 20% മുൻകൂർ ആയും പിന്നീട് 15% വീതം അഞ്ച് തവണ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗഡുക്കളായും അനുവദിക്കാമെന്നും, അവശേഷിക്കുന്ന 5% പെർഫോർമൻസ് ഗ്യാരണ്ടിയായി സൂക്ഷിക്കണമെന്നും, പ്രൊജക്ടിന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡ്

പൂർത്തിയായ ശേഷം മാത്രമേ ഈ തുക അനുവദിക്കാവൂ എന്നും പറഞ്ഞിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ നിർമ്മിതി കേന്ദ്രവുമായി ഒപ്പുവച്ച മേൽപ്പറഞ്ഞ കരാറിലെ ക്രമ നമ്പർ 2 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ 20% തുക മുൻകൂറായും തുടർന്ന് എസ്റ്റിമേറ്റിന്റെ 15% വീതം 5 തവണ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നൽകണമെന്നും, അവശേഷിക്കുന്ന 5% പെർഫോർമൻസ് ഗ്യാരണ്ടിയായി കരുതുമെന്നും എന്നാൽ ഇത് പ്രൊജക്ട് പൂർത്തിയായാൽ നൽകണമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതുപോലെ കരാറിലെ ക്രമ നമ്പർ 7 ൽ നിർമ്മിതി കേന്ദ്രം പ്രവൃത്തിയുടെ ഗുണ നിലവാരം ഉറപ്പ് വരുത്തുമെന്നും, എന്തെങ്കിലും തകരാർ കണ്ടെത്തിയാൽ ആയത് പ്രവൃത്തി സ്ഥലം തിരിച്ച് കൈമാറുന്നതിന് മുമ്പ് ചൂണ്ടിക്കാണിച്ചാൽ സ്വന്തം ചെലവിൽ പരിഹരിച്ച് തരുമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ വ്യവസ്ഥകൾ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്

4.) 8.2.17 ലെ NKMP365/2016-17 നമ്പറായി നിർമ്മിതി കേന്ദ്രം സമർപ്പിച്ച എസ്റ്റിമേറ്റിൽ 10% കോൺട്രാക്ടറുടെ ലാഭവിഹിതവും, നികുതികൾക്കും മറ്റുമായി 5% പ്രൊവിഷനും ഉൾപ്പെടുന്നുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (പി)/311/14/ഫിൻ തീയ്യതി.30.7.14 പ്രകാരം മരാമത്ത് പ്രൊജക്ടുകൾ നേരിട്ട് നിർവ്വഹിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് 10% കോൺട്രാക്ടറുടെ ലാഭവിഹിതം അനുവദനീയമല്ല. എന്നാൽ നികുതികൾ അടവാക്കുന്നതിനും മറ്റ് നിയമപരമായ ഫീസുകൾക്കും എസ്റ്റിമേറ്റിൽ പ്രൊവിഷൻ അനുവദനീയമാണ്. അതുപോലെ, പ്രസ്തുത ഉത്തരവ് ഖണ്ഡിക 11 പ്രകാരം , 1 കോടിയിൽ കുറഞ്ഞ അടങ്കലുള്ള പ്രൊജക്ടുകൾ നേരിട്ട് നിർവ്വഹിക്കുന്ന (PMAC അല്ലാതെ) അക്രഡിറ്റഡ് ഏജൻസികൾക്ക് അടങ്കലിന്റെ 8% സെന്റേജ് ചാർജിനാണ് അർഹത. നിലവിൽ നിർമ്മിതിക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്നും 2% ഐ.ടി. മാത്രമാണ് കുറവ് ചെയ്യുന്നത്. അവശേഷിക്കുന്ന 5% (15-(8+2) തുകയുടെ വിനിയോഗം സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

5.) പ്രൊജക്ടിന്റെ അളവ് പുസ്തകം നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് പരിശോധനക്ക് നൽകിയിട്ടില്ല. അളവ് പുസ്തകത്തിലെ അളവുകൾ പരിശോധനക്ക് വിധേയമാക്കാതെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ബിൽ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല. അളവ് പുസ്തകം ഓഡിറ്റ് പരിശോധനക്കായി ഹാജരാക്കുന്നതിന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം ആവശ്യപ്പെട്ടിട്ടും നിർമ്മിതി കേന്ദ്രം ആയത് ലഭ്യമാക്കിയിട്ടില്ല.

6.) 4.2.2019 ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ, പ്രൊജക്ട് പ്രകാരം നിർവ്വഹിക്കപ്പെട്ട പ്രവൃത്തികൾ, പ്രൊജക്ടിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊവിഷനുകളുമായി താരതമ്യപ്പെടുത്തി, ഭൗതികമായി പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

എ) സിംഗിൾ സെക്ഷൻ വർക്കുകൾക്കും ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു.

എസ്റ്റിമേറ്റിലെ ഇനം 9 കെട്ടിടത്തിന്റെ മേൽക്കൂരയിൽ ട്രസ്സ് വർക്ക് ചെയ്യുന്നതിന് , കോഡ് നമ്പർ 10.16.1 ( DSR 2014, COI36.19%), 1043.64കി.ഗ്രാമിന് 140.14/കി.ഗ്രാം നിരക്കിൽ 146256.00 രൂപ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിനൊപ്പം അടക്കം ചെയ്തിട്ടുള്ള ട്രസ്സിന്റെ ഡ്രോയിംഗ് പരിശോധിച്ചതിലും, എസ്റ്റിമേറ്റിലെ പ്രൊവിഷനുകൾ പരിശോധിച്ചതിലും, പ്രവൃത്തി ഭൗതികമായി പരിശോധിച്ചതിലും ട്രസ്സ് വർക്കും, പർലിൻ /സിംഗിൾ സെക്ഷനും ഉൾപ്പെട്ടതാണ് റൂഫിന്റെ സ്റ്റീൽ വർക്ക് എന്ന് കണ്ടു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പ്രവൃത്തിയിലെ വിവിധ സാധനങ്ങളുടെ വിശദാംശം താഴെ പറയുന്നു.

| പൈപ്പിന്റെ തരം | ഉപയോഗം | നീളം (മീറ്റർ) | കോഎഫിഷന്റ് കിഗ്രാം/മീറ്റർ | തൂക്കം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 50mmപൈപ്പ് | ട്രസ്സ് | 33.95 | 5.649 | 191.783 |
| | പർലിൻ | 31.20 | 5.649 | 176.248 |
| 48mmപൈപ്പ് | റാഫ്റ്റർ | 13.92 | 4.472 | 62.25 |
| 80x40x2.mm | വാൾ പ്ലേറ്റ് | 29.10 | 3.615 | 466.70 |
| | റാഫ്റ്റർ | 100.00 | | |
| 50x25x1.5.mm | റീപ്പർ | 87.30 | 1.68 | 146.66 |
| ആകെ | | | | 1043.64 |

മേൽപ്പറഞ്ഞതിൽ, ട്രസ്സിനുള്ള 191.783 കി.ഗ്രാം ഒഴികെയുള്ള പ്രവൃത്തികൾ സിംഗിൾ സെക്ഷൻ വർക്കുകൾ ആയതിനാൽ DSRകോഡ് നമ്പർ 50.10.2 പ്രകാരമുള്ള 123.18/കി.ഗ്രാം നിരക്ക് മാത്രമാണ് അനുവദനീയം എന്ന് കാണുന്നു. ആയതിനാൽ ഈ പ്രവൃത്തിയിൽ ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 14448.00രൂപ അധികച്ചെലവ് വന്നിട്ടുണ്ടാകാമെന്ന് (എം.ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല)ഓഡിറ്റ് വിലയിരുത്തുന്നു.

അനുവദനീയമായ പ്രൊവിഷൻ – 191.783x140.14=26876.46 +

851.857x123.18=104931.74

31808.20

അധികം പ്രൊവിഷൻ - 146256-131808=14447.79

കോഡ് നമ്പർ 10.16.1 എം.എസ് സ്റ്റീൽ ഉപയോഗിച്ച് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്കാണ്. എം.എസ് പൈപ്പ് ഉപയോഗിച്ചാണ് വർക്ക് ചെയ്തിട്ടുള്ളതും. എംഎസ് പൈപ്പുകൾ എളുപ്പം തുരുമ്പെടുക്കും. പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ റൂഫിൽ സ്ഥാപിച്ചിട്ടുള്ള ചില റാഫ്റ്ററുകളിൽ തുരുമ്പിന്റെ സാന്നിധ്യം കാണുകയുണ്ടായി. ജി.ഐ.പൈപ്പ് ഉപയോഗിച്ച് സ്റ്റീൽ വർക്ക് ചെയ്യുന്നതിന് 150.15/kg നിരക്കിൽ കോഡ് നമ്പർ 50.10.1 പ്രകാരം സ്പെസിഫിക്കേഷൻ ഉണ്ടായിരിക്കെ എം.എസ്. സ്റ്റീൽ ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിക്കാനിടയായത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പോരായ്മയാണ്.

ബി) 0.5mm കനമുള്ള ഷീറ്റ് ഉപയോഗിച്ചിട്ടില്ല.

0.50mmകനമുള്ള ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റുകൊണ്ട് 847.10m2 അളവിൽ മേൽക്കൂര നിർമ്മിക്കുകയാണ് പ്രൊജക്ട് എസ്റ്റിമേറ്റിന്റെ ഇനം.10 (കോഡ് നമ്പർ.12.50@847.10m2) പ്രവൃത്തി. ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ 847.10m2x847.10/m2=114990.00 രൂപ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ 4.2.2019 ന് പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ പ്രവൃത്തി നിർവ്വഹണത്തിന് ഉപയോഗിച്ചിട്ടുള്ള ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റിൽ ഒന്നിലും ഷീറ്റിന്റെ കനവും, ബ്രാൻഡ് നെയിമും രേഖപ്പെടുത്തിയിട്ടില്ല എന്ന് കണ്ടു. നിശ്ചിത ഗുണ നിലവാരമുള്ള ഷീറ്റുകളിൽ ബ്രാൻഡ് നെയിമും ഷീറ്റിന്റെ കനവും രേഖപ്പെടുത്തുമെന്നത് നിശ്ചയമാണ്. ഇതിൽ നിന്നും ഗുണനിലവാരം കുറഞ്ഞ ഷീറ്റാണ് മേൽക്കൂര നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്.

0.50mm കനമുള്ള പ്രൊഫൈൽ ഷീറ്റുകൾ മാർക്കറ്റിൽ എല്ലായിപ്പോഴും ലഭ്യമല്ലാത്തതിനാൽ 0.35mm കനമുള്ള ഷീറ്റുകൾക്ക് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് സാധാരണ ഇത്തരം റൂഫിംഗ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാറ്. തൻവർഷം ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ആയുർവ്വേദ ഡിസ്പെൻസറി പുനരുദ്ധരണം എന്ന പ്രോജക്ടിൽ, നം.153/18, (ടി.എസ്.നം.66942/2016-17, DSR 2014, COI.36.19%) ഇനം 2 ആയി ഒബ്സർവ്വ്ഡ് ഡാറ്റ അനുസരിച്ച് 0.35 കനമുള്ള പ്രൊഫൈൽ ഷീറ്റിന് 598.00/m2 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ

അടിസ്ഥാനത്തിൽ, ഈ പ്രൊജക്ടിൽ 0.50mm കനമുള്ള ഷീറ്റിന് പകരം 0.35mm കനമുള്ള ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് കണക്കാക്കിയാൽ പോലും (ബ്രാന്റും തിക്ക്നസ്സും ഷീറ്റിൽ രേഖപ്പെടുത്താത്തതിനാൽ 0.35mm ലും നിലവാരം കുറവാകാനാണ് സാധ്യത) താഴെ പറയും പ്രകാരം 64333.00 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിരിക്കാനുള്ള സാധ്യതയുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അനുവദനീയമായ പ്രൊവിഷൻ - 847.10x598/m2=50656.80

അധികം പ്രൊവിഷൻ - 114990.00-50656.80=64333.20

സി) എസ്റ്റിമേറ്റിലെ ഇനം 14 ആയി കോഡ് നമ്പർ 50.12.4.1 പ്രകാരം പി.വി.സി പ്ലെയിൻ പാനൽ ബോഡ് കൊണ്ട് സീലിംഗ് വർക്ക് ചെയ്യുന്നതിന് 176.05m2x527.55m2=92928.00 രൂപ പ്രവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. സീലിംഗ് വർക്ക് പരിശോധിച്ചതിൽ പി,വി,സി ബോർഡുകൾ തമ്മിൽ ചേരുന്ന ഭാഗത്തുള്ള വിടവ് മറയ്ക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള പി.വി.സി.ഷീറ്റ് ബീഡിംഗ് ശരിയായി പശയോ സ്ക്രൂവോ ഉപയോഗിച്ച് ഫിക്സ് ചെയ്യാതെ, വ്യാപകമായി സെല്ലോ ടാപ്പുകൾ ഉപയോഗിച്ച് ചേർത്ത് വച്ചിട്ടുള്ളതായി കണ്ടു. പ്രവൃത്തി വേണ്ടത്ര ഗുണനിലവാരമുള്ളതല്ല എന്നാണ് ഇത് കാണിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നമ്പർ 19/5.2.2019 മുഖേനെ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ (നമ്പർ / തിയതി ഇല്ല) പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിർവഹണം നിർമിതിയെ ഏൽപിച്ചത് എന്നും, തുക ഡെപ്പോസിറ്റ് ചെയ്യുക എന്ന കർത്തവ്യം മാത്രമാണ് താൻ നിർവഹിച്ചത് എന്നും ഓഡിറ്റിൽ ഉന്നയിച്ചിട്ടുള്ള അപാകതകൾ നിർമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വന്ന് മറുപടി ലഭ്യമാക്കുമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്.ന ഈ സാഹചര്യത്തിൽ മേൽ ക്രമ നമ്പർ 1 മുതൽ 6 വരെ ചൂണ്ടിക്കാണിച്ച അപാകതകളിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. മറുപടി ലഭ്യമാക്കേണ്ടതാണ്.

2. മറുപടി ലഭ്യമാക്കേണ്ടതാണ്.

3. പെർഫോർമൻസ് ഗ്യാരണ്ടി സംബന്ധിച്ചും, ഡിഫക്ട് ലയബിലിറ്റി സംബന്ധിച്ചും കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാകയാൽ ആയത് ഭേദഗതി ചെയ്ത് പൊരുത്തക്കേട് പരിഹരിക്കേണ്ടതാണ്.

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ 95% തുക നൽകിയതിന് ശേഷം അവശേഷിക്കുന്ന 5% തുക ഡിഫക്ട് ലയബിലിറ്റി പിരീഡിന് ശേഷം മാത്രം റിലീസ് ചെയ്യേണ്ടതാണ്.

4. നിർമ്മിതി കേന്ദ്രത്തിന്റെ പ്രതിഫലം നികുതികൾക്ക് പുറമെ എസ്റ്റിമേറ്റ് കോസ്റ്റിന്റെ 8% ൽ അധികരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ വാങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. പ്രൊജക്ടിന്റെ അളവ് പുസ്തകം നിർമ്മിതി കേന്ദ്രത്തിൽ നിന്നും വാങ്ങി പരിശോധിച്ച് അധികം തുക അനുവദിക്കാൻ ഇടയായിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അളവ് പുസ്തകം ഓഡിറ്റ് പരിശോധനക്കും ലഭ്യമാക്കേണ്ടതാണ്.

6. ക്രമ നമ്പർ (എ), (ബി) എന്നിവ പ്രകാരം ചൂണ്ടിക്കാണിച്ച അപാകതകൾ അളവു പുസ്തകത്തിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് സാധുവാണെന്ന് കാണുന്ന പക്ഷം 14448.00+64333.20=78781.00 രൂപ കുറച്ച് മാത്രം നിർമ്മിതി കേന്ദ്രത്തിന് ഫൈനൽ ബിൽ അനുവദിക്കേണ്ടതാണ് (പ്രൊഫൈൽ ഷീറ്റിന്റെ കനം 0.35mm ലും കുറവാണെങ്കിൽ അതിനനുസൃതമായ കുറവ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്).

## **3-18** സേവന നികുതി ചലാനുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ **43348.00** രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

താഴെ പറയുന്ന പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകളിൽ സേവന നികുതിക്ക് വകയിരുത്തിയ തുകകൾ കരാറുകാർ സേവന നികുതി അടവാക്കിയ ചലാൻ ഹാജരാക്കാതെ തന്നെ കരാറുകാർക്ക് നൽകിയിട്ടുണ്ട്.

1. ആയുർവ്വേദ ആദ ഡിസ്പെൻസറി പുനരുദ്ധരണം

പ്രൊജക്ട് നം : 153/18

| | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| ശുചിത്വ മിഷൻ | 2000 | 2000 | തുക നൽകിയിട്ടില്ല |
| തനത് ഫണ്ട് | 21318 | 10560 | തുക നൽകിയിട്ടില്ല |
| എം.ജി(NR) | 176682 | 176682 | 21/28.10.17 |
| | 200000.00 | 189242.00 | |

എം.ബുക്ക് :137/16-17

കരാർ നം. : 42/23.2.17

കരാറുകാരൻ : പി.അനിൽകുമാർ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ പ്രവൃത്തി മൂല്യം കണക്കാക്കിയതും, ബില്ല് അനുവദിച്ചതും താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 172037.94 |
| (+) സേവന നികുതി 10.% | 17203.79 |
| ആകെ | 189241.73 |
| (-) വാറ്റ് 4% | 6882.00 |
| (-) ഐ.ടി 1% | 1720.00 |
| (-)ക്ഷേമ നിധി 1% | 1720.00 |
| ബാക്കി കരാറുകാരന് | 178920.00 |

മേൽപ്പറഞ്ഞ പ്രകാരം 17203.79 രൂപ സേവന നികുതി ഉൾപ്പെടെ 178920.00രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സേവന നികുതി അടച്ചതിന്റെ ചലാൻ ഹാജരാക്കിയിട്ടില്ല.

2. ഉണ്ണ്യാൽ പി.എച്ച്.സി. വിപുലീകരണം

പ്രൊജക്ട് നം : 177/18

അടങ്കൽ :280000.00 MG(NR)

ചെലവ് :275143.00 ബിൽ നമ്പർ-18/20.9.17

എം.ബുക്ക് :55/15-16

കരാർ നം. : 51/29.3.17

കരാറുകാരൻ:വി.ദാമോധരൻ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്റ്റിന്റെ പ്രവൃത്തി മൂല്യം കണക്കാക്കിയതും, ബില്ല് അനുവദിച്ചതും താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 248998.41 |
| (+) സേവന നികുതി 10.5% | 26144.83 |
| ആകെ | 275143.00 |
| (-) വാറ്റ് 4% | 9960.00 |
| (-) ഐ.ടി 1% | 2490.00 |
| (-)ക്ഷേമ നിധി 1% | 2490.00 |
| ബാക്കി കരാറുകാരന് | 260203.00 |

മേൽപ്പറഞ്ഞ പ്രകാരം 26144.00 രൂപ സേവന നികുതി ഉൾപ്പെടെ 260203.00രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സേവന നികുതി അടച്ചതിന്റെ ചലാൻ ഹാജരാക്കിയിട്ടില്ല.

സേവന നികുതി ചലാനുകൾ പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം23/5.2.2019 മുഖേനെ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ (നമ്പർ / തിയതി ഇല്ല) 153/18 നമ്പർ പ്രോജക്ടിൽ 17,622 രൂപ മാത്രമാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത് എന്നും 12,560 രൂപ ഇനി നൽകാൻ ഉണ്ടെന്നും ആയത് 203/19 നമ്പർ പ്രോജക്റ്റ് ആയി തുടരുകയാണെന്നും സേവന നികുതി ചലാൻ ഹാജരാക്കിയാൽ മാത്രമേ ആയത് അനുവദിക്കു എന്നും അസി.എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. 177/18 നമ്പർ പ്രോജക്ടിന്റെ കരാറുകാരനോട് സേവന നികുതി ചലാൻ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ക്രമ നമ്പർ 2 ൽ പരാമർശിച്ച 26144 രൂപ പ്രൊജക്റ്റിന്റെ ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. ക്രമ.നമ്പർ 1 ൽ കരാറുകാരൻ സേവന നികുതി ഇനത്തിൽ കൈപറ്റിയ 4644 രൂപ (17204-12560) ക്രമീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 3-19 പൊതുമരാമത്ത് പ്രൊജക്ടുകളുടെ ആസൂത്രണവും നിർവ്വഹണവും - പൊതുവായ ന്യൂനതകൾ

1. പ്രൊജക്റ്റ് പൂർത്തീകരണത്തിലും, ഫണ്ട് വിനിയോഗത്തിലും വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ല.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ 122 പൊതു മരാമത്ത് പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. പ്രസ്തുത പ്രൊജക്ടുകളിൽ 63 എണ്ണം, 51.63%, മാത്രമാണ് തൻ വർഷം നിർവ്വഹിച്ചിട്ടുള്ളത് . ആയതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| | പുതിയ പ്രൊജക്ടുകൾ | ശതമാനം | സ്പിൽഓവർ പ്രൊജക്ടുകൾ | ശതമാനം | ആകെ പ്രൊജക്ടുകൾ |
|---|---|---|---|---|---|
| അംഗീകരിച്ച പ്രൊജക്ടുൾ | 68 | 55.73 | 54 | 44.26 | 122 |
| നടപ്പാക്കിയവ | 19 | 27.94 | 44 | 81.48 | 63 |

| | | | | | |
|---|---|---|---|---|---|
| നടപ്പാക്കാത്തവ | 49 | 72.06 | 10 | 18.52 | 59 |

മരാമത്ത് പ്രൊജക്ടുകൾക്ക് തൻവർഷം ആകെ വകയിരുത്തിയിരുന്ന 29102805.00 രൂപയിൽ 13377827.00 രൂപ, 45.96%, മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്. തൻവർഷം വകയിരുത്തിയ വിവിധ ഫണ്ടുകൾ വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഫണ്ടിനം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവ് ശതമാനം. | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| തനത് ഫണ്ട് | 3579519 | 710112 | 19.83 | 2869407 |
| പ്ലാൻ ഫണ്ട്(ജനറൽ) | 975319 | 245870 | 25.21 | 729449 |
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 822000 | 492000 | 59.85 | 330000 |
| ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ് | 11096335 | 4920363 | 44.34 | 6175972 |
| ലോകബാങ്ക് ധനസഹായം | 3531960 | 3036051 | 85.95 | 495909 |
| മറ്റ് തദ്ദേശ സ്ഥാപനം | 570000 | 0 | 0 | 570000 |
| എം.ജി (റോഡ്) | 5123064 | 2145795 | 41.88 | 2977269 |
| എം.ജി (നോൺറോഡ്) | 3172608 | 1827636 | 57.60 | 344972 |
| പൈക്ക | 232000 | 0 | 0 | 232000 |
| ആകെ | 29102805 | 13377827 | 45.96 | 15724978 |

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനാകാത്ത വിഷയം കമ്മിറ്റിയുടെ സജീവ ശ്രദ്ധയിൽ വന്നിട്ടുണ്ട് എന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ പ്രസ്തുത മീറ്റിംഗിൽ ഒന്നിലും അസിസ്റ്റന്റ് എഞ്ചിനീയർ പങ്കെടുക്കുകയോ, പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കുകയോ ചെയ്തിട്ടില്ല. അതുപോലെ പ്രൊജ്കടുകളുടെ നിർവ്വഹണത്തിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തുതാപരമായി വിലയിരുത്തുകയോ അതിന് പ്രതിവിധി നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല. . ആയതിനാൽ മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനാകാതെ പോയതിന് നിർവ്വഹണ ഉദ്യോഗസ്ഥനെപ്പോലെ തന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്കു ഉത്തരവാദിത്വമുണ്ട്.

2 . സ്പിൽ ഓവർ പ്രൊജക്ടുകൾ പൂർത്തിയാക്കിയിട്ടില്ല.

വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ 54 പ്രൊജക്ടുകളിൽ 10 എണ്ണം തൻവർഷവും പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. വളരെ കുറച്ച് പ്രൊജക്ടുകളെ ഓരോ വർഷവും പുതുതായ ആവിഷ്കരിക്കപ്പെടുന്നുള്ളുവെങ്കിലും പ്രസ്തുത പ്രൊജക്ടുകളിൽ നല്ലൊരു പങ്കം നിർവ്വഹിക്കപ്പെടാതിരിക്കുന്നത് സ്പിൽഓവർ പ്രൊജക്ടുകൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്.

3. പ്രൊജക്ടുകൾ വാർഡുകൾക്കിടയിൽ വീതംവയ്ക്കപ്പെടുന്നു.

ഗ്രാമ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിന് പകരം, പ്രൊജക്ടുകൾ വാർഡുകൾക്കിടയിൽ വീതം വയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത് പ്രൊജക്ടുകളുടെ അടങ്കൽ ചെറുതാകുന്നതിന് കാരണമാകുന്നുണ്ട്. തൻവർഷം ഗ്രാമ പഞ്ചായത്ത് നിർവ്വഹണത്തിനായി അംഗീകാരം വാങ്ങിയ പ്രൊജക്ടുകളെ അടങ്കലിന്റെ അടിസ്ഥാനത്തിൽ താഴെ തരം തിരിച്ചതിൽനിന്നും ഇക്കാര്യം വ്യക്തമാണ്.

| അടങ്കൽ | | | | | |
|---|---|---|---|---|---|
| 1ലക്ഷം വരെ | 100001മുതൽ2 ലക്ഷം വരെ | 200001മുതൽ 3ലക്ഷം വരെ | 300001മുതൽ 4ലക്ഷം വരെ | 400001 - 499999 വരെ | 500001ൽ അധികം |
| 36 | 42 | 21 | 9 | 1 | 13 |
| 29.51 | 34.42 | 17.21 | 7.38 | 0.82 | 10.66 |

4. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യം മുതൽ അവസാനം വരെ വിഭാവനം ചെയ്ത രീതിയിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. മരാമത്ത് പ്രൊജക്ടുകളുടെ ടെണ്ടറുകളിൽ മത്സരം ഇല്ല.

2017-18 വാർഷിക പദ്ധതി പ്രകാരം നിർവ്വഹിച്ച എല്ലാ പ്രൊജക്ടുകളും കരാറുകാർ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രൊജക്ടുകളിൽ 0.02% ടെണ്ടർ കുറവ് ലഭിച്ച ഒരു പ്രൊജക്ടിനൊഴികെ എല്ലാ പ്രൊജക്ടുകളും എസ്റ്റിമേറ്റ് നിരക്കിനാണ് ടെണ്ടർ ഉറപ്പിച്ചിട്ടുള്ളത്. എല്ലാ പ്രൊജക്ടുകൾക്കും രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുമുള്ളത്. ഈ സാഹചര്യത്തിൽ ടെണ്ടറിൽ മത്സര സ്വഭാവം ഉറപ്പുവരുത്തുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-20 മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഫർണ്ണിച്ചർ വിതരണം - ഫർണ്ണിച്ചർ വാങ്ങിയത് സംബന്ധിച്ച്

പ്രൊജക്ട് നം : 39/18

| | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| പ്ലാൻ ഫണ്ട് | 572767.00 | 228670.00 | 1/27.1.18 |
| തനത് ഫണ്ട് | 3431.00 | 267258.00 | 2/31.1.18 |
| | 576198.00 | 76839.00 | 3/21.2.18 |
| | | 1495.00 | ചെക്ക്:223578/22.2.18 |
| | | 574262.00 | |

നിർവ്വഹണം : സബ് ഇൻസ്പെക്ടർ, ഫിഷറീസ്

ഈ പ്രൊജക്ടിന്റെ ഭാഗമായി SILK ൽ നിന്നും താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വിദ്യാർത്ഥികൾക്കാവശ്യമായ മേശയും കസേരയും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സിന്റെ നമ്പർ തീയ്യതി | വാങ്ങിയ ഫർണ്ണിച്ചർ | എണ്ണം | നിരക്ക് | നികുതി നിരക്ക് | വില |
|---|---|---|---|---|---|---|
| 1 | SUB/17-18/08 Dt.23.11.17 | സ്റ്റീൽ ആംലസ് ചെയർ | 50 | 575.00 | 12% | 28750.00 + 3450.00 32200.00 |
| 2 | SUB/17-18/07 Dt.22.11.17 | പാർട്ടിക്കിൾ ബോഡ് ഉപയോഗിച്ച് നിർമ്മിച്ച സ്റ്റഡി ടേബിൾ | 50 | 3330.00 | 12% | 166500.00+ 29970.00 196470.00 |
| 3 | SUB/17-18 /UR/15 Dt.23.1.18 | സ്റ്റീൽ ആംലസ് ചെയർ | 58 | 575.00 | 18% | 226490.00+ 40768.00 267258.00 |
| | | പാർട്ടിക്കിൾ ബോഡ് ഉപയോഗിച്ച് നിർമ്മിച്ച സ്റ്റഡി ടേബിൾ | 58 | 3330.00 | 18% | |
| 4 | SUB/17-18 /UR/17 Dt.19.2.18 | സ്റ്റീൽ ആംലസ് ചെയർ | 17 | 575.00 | 18% | 66385.00+ 11949.00 78334.00 |
| | | പാർട്ടിക്കിൾ ബോഡ് ഉപയോഗിച്ച് നിർമ്മിച്ച സ്റ്റഡി ടേബിൾ | 17 | 3330.00 | 18% | |
| ആകെ 125 ടേബിൾ+125 ചെയർ | | | | | | 574262.00 |

ഇതു സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. സർക്കാർ ഉത്തരവ് നമ്പർ 45/2016/SPD തീയ്യതി.31.8.16 പ്രകാരം പ്രസ്തുത ഉത്തരവ് തീയ്യതി മുതൽ ഒരു വർഷക്കാലം ഉത്തരവിന്റെ അനുബന്ധത്തിൽ നിഷ്കർഷിച്ച വിലയിൽ അധികരിക്കാത്ത വിലക്ക് SILK ൽ നിന്നും സ്റ്റീൽ ഫർണ്ണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുവാൻ സർക്കാർ അനുമതി ഉണ്ടായിരുന്നു. എന്നാൽ 31.8.17 ന് ശേഷം പ്രസ്തുത ഉത്തരവിന് കാലാവധി ഇല്ലാത്തതിനാൽ പ്രൊജക്ട് പ്രകാരം SILK ൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.

2. പാർട്ടിക്കിൾ ബോർഡുകൊണ്ടുള്ള ഫർണ്ണിച്ചറുകൾ SILK നിർമ്മിക്കുന്നില്ല. പ്രസ്തുത ഫർണ്ണിച്ചറുകൾ SILK ൽ നിന്നും നേരിട്ട് വാങ്ങിക്കുവാൻ അനുവദിച്ചുകൊണ്ട് ഇതുവരെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഫർണ്ണിച്ചറിന് സർക്കാർ അംഗീകൃത വില ഒരു കാലയളവിലും

നിലവിലുണ്ടായിരുന്നില്ല. സിൽക്ക് ഇത്തരത്തിലുള്ള ഫർണ്ണിച്ചറുകൾ നിർമ്മിക്കാത്തതിനാൽ, അവ മാർക്കറ്റിൽ നിന്നും കമ്മീഷൻ വ്യവസ്ഥയിൽ ശേഖരിച്ച് വിതരണം ചെയ്യിരിക്കാനാണ് സാധ്യത. ആയതിനാൽ പ്രസ്തുത ഫർണ്ണിച്ചർ ടെണ്ടർ മുഖേന വാങ്ങിയിരുന്നെങ്കിൽ ഇതിലും കുറഞ്ഞ നിരക്കിൽ ആയവ ലഭ്യമാകുമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ വിശദമായ അന്വേഷണവും, മാർക്കറ്റ് എൻക്വയറിയും നടത്തി ഗ്രാമപഞ്ചായത്തിന് ഈ വാങ്ങലിൽ നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അഥവാ നഷ്ടം സംഭവിച്ച എന്ന് കാണുന്ന പക്ഷം ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. ഫർണ്ണിച്ചറുകളുടെ ഗുണ നിലവാരം പരിശോധനക്ക് വിധേയമാക്കിയതുമായും നിരക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണ സമിതിയും അംഗീകരിച്ചതുമായും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളുടെ വെളിച്ചത്തിൽ 574262.00 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.22/5.2.2019മുഖേനെ മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | മുൻബാക്കി | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 11,535 | 0 | ലഭ്യമല്ല | 0 | 11,535 |
| | | 52,700 | 98/18പച്ചക്കറിക്ക് കൂലിച്ചെലവ് സബ്സിഡി | 52,700 | -- |
| | | 76,500 | 123/18നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 76,500 | -- |
| | | 7,00,000 | 247/18കാർഷികയന്ത്രങ്ങൾ വാങ്ങി നല്കൽ | 7,00,000 | -- |
| | | 1,00,000 | 3/18പരിരക്ഷ | 1,00,000 | -- |
| | | 1,00,000 | 7/18ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,00,000 | -- |
| | | 4,70,000 | 256/18തറയിൽകുളങ്ങര എസി.സി റോഡ് | -- | 4,70,000 |
| | | 1,50,000 | 08/18സമഗ്രപോഷകാഹാര പരിപാടി | 1,47,399 | 2,601 |
| ആകെ | 11,535 | 16,49,200 | ആകെ 1660735 | 11,76,599 | 484136 |
| ജില്ലാ പഞ്ചായത്ത് | | 76,500 | 123/18നെൽകൃഷിക്ക് കൂലിച്ചെലവ് | 76,500 | -- |

| | | | | | |
|---|---|---|---|---|---|
| | | 80,000 | 07/18ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 74,210 | 5,790 |
| ആകെ | | 1,56,500 | | 1,50,710 | 5,790 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 50/18സ്ട്രീറ്റ് മെയിൻ വലിക്കൽ | 13/14.8.17 | 3,51,400 | 2,12,000 | ലഭ്യമല്ല | 1,39,400 |
| KSEB | 210/18സ്ട്രീറ്റ് മെയിൻ വലിക്കൽ (സ്പിൽ ഓവർ) | 14/14.08.17 | 1,93,000 | ഇല്ല | ലഭ്യമല്ല | 1,93,000 |
| | | ആകെ | 5,44,400 | 2,12,000 | | 3,32,400 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ വായ്പ/തിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ,തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | മുതൽ | പലിശ | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| 1 | ഇ.എം.എസ് ഭവനപദ്ധതി | GO(MS)942/2010 /LSGD/ 15.08.2010 | 59,97,000 | 19,28,681 | 19,28,681 | -- | 40,68,319 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | വർഷം | | |
| 2014-15 | 2(2), 2(3) | 2016-17 | അനുബന്ധം – 5 | 2(2) തൊഴിൽ നികുതിയിൽ ഇളവ് നല്കി- നഷ്ടം- 4750/രൂപ<br>2(3) സ്ഥാപന തൊഴിൽ നികുതി -പിഴപ്പലിശ ഈടാക്കുന്നില്ല |
| 2015-16 | 2(2) | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തുക അടവാക്കി. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2008-09 | 3-10 | സി.പി ഗോവിന്ദൻ | LF 10434/spl.cell /csc/2012 dt. 25.07.2014 | 20,000 + Interest | 20,000 | WP(c)1156/17 High Court of Kerala Interest stay 12.01.17 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,99,11,592 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,39,70,998 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം, ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 130507 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 29,06,603 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരു |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-13 | | 16,703 | ശ്രീമതി മഞ്ജു, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | 16,703 | ശ്രീ. സജീവ് എം.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-14 | | 18,331.50 | ശ്രീ മഹേഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 18,331.50 | ശ്രീ. പി. കൃഷ്ണൻകുട്ടി പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-16 | | 27,049 | ശ്രീമതി മഞ്ജു, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 7,245 | ശ്രീ മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-18 | | 26,144 | ശ്രീ മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 130507 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 51,756 | ശ്രീമതി ഉഷാകുമാരി എ. ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 1,35,000 | ഡോ.ജസീന ഹമീദ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-7 | 400,000 | ഡോ.ജസീന ഹമീദ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-11 | 17,19,785 | ശ്രീ.എൻ.എം ഷെരീഫ്, സെക്രട്ടറി |
| 3-15 | 25,800 | ശ്രീമതി മഞ്ജു ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-20 | 5,74,262 | ശ്രീ.ശിവദാസൻ പി.ആർ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ | 29,06,603 | |

ഡി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ആളുടെ പേരും വിലാസവും |
|---|---|---|
| 1 | 3-13 | ശ്രീമതി. മഞ്ജു ജി, അസിസ്റ്റന്റ് എഞ്ചിനീയർ,പൊറ്റവിള വീട്, വെള്ളായണി പി.ഒ, തിരുവനന്തപുരം |
| 2 | | ശ്രീ. സജീവ് എൻ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുക്കം പറമ്പിൽ ഹൗസ്, വയലാർ പി.ഒ, ചേർത്തല, ആലപ്പുഴ |
| 3 | 3-14 | ശ്രീമതി മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ, ഊട്ടിൽ ഹൗസ്, തൃക്കണ്ടിയൂർ പി.ഒ, തിരൂർ,മലപ്പുറം ജില്ല |

| | | |
|---|---|---|
| 4 | | ശ്രീ.പി കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പുത്തംപറമ്പിൽ ഹൗസ്, വള്ളുവമ്പ്രം പി.ഒ, മലപ്പുറം |
| 5 | 3-16 | ശ്രീമതി മഞ്ജു ജി, പൊറ്റവിള വീട്, വെള്ളായണി പി.ഒ, തിരുവനന്തപുരം |
| 6 | | ശ്രീതി മഹേഷ് ഒ, ഊട്ടിൽ ഹൗസ്, തൃക്കണ്ടിയൂർ പി.ഒ, തിരൂർ, മലപ്പുറം ജില്ല |
| 7 | 3-18 | ശ്രീ മഹേഷ് ഒ, ഊട്ടിൽ ഹൗസ്, തൃക്കണ്ടിയൂർ പി.ഒ, തിരൂർ, മലപ്പുറം ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 1 |
| 2003-04 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 2 |
| 2004-05 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 5 |
| 2005-06 | കെ.എസ്.എ.എം.പി.എം.17/3372/16 തിയതി 27-05-17 | 3 |
| 2006-07 | എൽ.എഫ്.എം16/1494/11 തിയതി 15-11-11 | 7 |
| 2007-08 | എൽ.എഫ്.എം17/2037/11 തിയതി 13-06-12 | 7 |
| 2008-09 | എൽ.എഫ്.എം16/2038/11 തിയതി 25-04-2012 | 18 |
| 2009-10, 2010-11 | എൽ.എഫ്.എം17/350/2014 തിയതി 5-6-14 | 21 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/1919/2016 19-09-2016 | 18 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.16/2123/2017 തീയതി 11.01.2018 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം16/520/2019 തിയ്യതി 23.03.2019 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.16/2353/2017 തിയതി 09.07.2018 | 12 |

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ എസ് എ എം പി എം.16/1282/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ:dompm.ksad@kerala.gov.in

തീയ്യതി 04.07.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്